**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ(എബി)വകുപ്പ് തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2011-2012 വർഷത്തെ ഓഡിറ്റ്റിപ്പോർട്ട് ഖണ്ഡിക 3.13 ലെ ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം 2170 /15/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി:17/07/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 20-12-2014 ലെ M3.47963/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 29-05/2015 ലെL.F3601/PT2/2015 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2011-2012 വർഷത്തെ ഓഡിറ്റ്റിപ്പോർട്ട് ഖണ്ഡിക 3.3(1),3.3(2),3.13 പ്രകാരം യഥാക്രം 1,91,000/-(ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം രൂപ മാത്രം)രൂപ 2,39,190/-(രണ്ടു ലക്ഷത്തി മുപ്പത്തിഒൻപതിനായിരത്തി ഒരുനൂറ്റി തൊണ്ണൂറ് രൂപ മാത്രം)രൂപ,85,002/-(എൺപത്തി അയ്യായിരത്തി രണ്ട് രൂപ മാത്രം)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2011-2012 വർഷത്തെ ഓഡിറ്റ്റിപ്പോർട്ട് ഖണ്ഡിക 3.3(1),3.3(2),3.13 പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ പദ്ധതികളെല്ലാം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് നടപ്പിലാക്കിയ പദ്ധതികളാണ്.സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവുകൾക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിനു യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം2 പ്രകാരം ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2011-2012 വർഷത്തെ ഓഡിറ്റ്റിപ്പോർട്ട് ഖണ്ഡിക 3.3(1),3.3(2) പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ പദ്ധതികൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് നടപ്പിലാക്കിയ പദ്ധതികളായതിനാൽ ഖണ്ഡിക 3.3(1),3.3(2) പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ,91,000/-(ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം രൂപ മാത്രം)രൂപ 2,39,190/-(രണ്ടു ലക്ഷത്തി മുപ്പത്തിഒൻപതിനായിരത്തി ഒരുനൂറ്റി തൊണ്ണൂറ് രൂപ മാത്രം)രൂപയുടെ സാധൂകരണ അപേക്ഷ നിരസിച്ചുകൊണ്ടും ഖണ്ഡിക 3.13

പ്രകാരം തനത് ആസ്തികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച 85,002/-(എൺപത്തി അയ്യായിരത്തി രണ്ട് രൂപ മാത്രം) രൂപയുടെ ചെലവിനം സാധൂകരണം നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
സെക്രട്ടറി, അന്നമനട ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(സർക്കാർവെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ